➪ *സാമൂഹ്യ പ്രവർത്തകർക്കും സംവാദത്തിൽ കണ്ണിചേരാം*➪

**സംസ്ഥാന** ലൈബ്രറി കൗൺസിലുമായുള്ള അസ്വാരസ്യത്തെ തുടർന്ന് കേരളത്തിലെ വായനശാലകൾക്ക് വർഷം തോറും കൊടുത്തിരുന്ന വാർഷിക ഗ്രാന്റ് വിതരണം സർക്കാർ നിർത്തിവെച്ചിരിക്കുകയാണല്ലോ. സാധാരണക്കാരുടെ പക്കൽനിന്നും ലൈബ്രറി പ്രവർത്തനങ്ങൾക്ക് വേണ്ടി സെസ്സായി പിരിച്ചെടുക്കുന്ന പണമാണ് തടഞ്ഞുവച്ചിരിക്കുന്നത്. സി.വി. രാമനെയും സി.വി. രാമൻപിള്ളയെയും സി.വി. കുഞ്ഞിരാമനെയും തിരിച്ചറിയാത്ത ഒരു സാംസ്കാരിക വകുപ്പ് നാടുവാഴുന്ന നാട്ടിൽ മേൽപ്രവൃത്തിയുടെ ധാർമ്മികതയെക്കുറിച്ച് ചർച്ച ചെയ്യേണ്ടതേയില്ല. പകരം, ഗ്രാന്റ് അനുവദിച്ചുകിട്ടിയാൽ തീരുന്നതാണോ, വായനശാലകളുടെ സ്വത്വപ്രതിസന്ധിയെന്നും പുസ്തകങ്ങളുടെ എണ്ണം കൂട്ടിയതുകൊണ്ടുമാത്രം സാക്ഷരകേരളം സംസ്കാര സമ്പന്നമാകുമോ എന്നും വിശാലമായ സംഭാഷണം നടക്കേണ്ടിയിരിക്കുന്നു. ആളൊഴിയുന്ന വില്ലേജ് ലൈബ്രറികളെയോർത്ത് കണ്ണീരൊഴുക്കുന്ന സാമൂഹ്യ പ്രവർത്തകർക്കും സംവാദത്തിൽ കണ്ണിചേരാം.

# ഗ്രാന്റ് കിട്ടിയാൽ തീരുന്നതാണോ വായനശാലകളുടെ ദാരിദ്ര്യം?

വർഷം തോറും അനുവദിക്കുന്ന ഗ്രാന്റ് ലഭിക്കാത്തതിനെ തുടർന്ന് കേരള ലൈബ്രറി കൗൺസിൽ സർക്കാറിനെതിരെ സമരത്തിലാണ്. ഈ സന്ദർഭത്തിൽ, ഗ്രാന്റ് കിട്ടി കുറേ പുസ്തകങ്ങൾ വാങ്ങിക്കൂട്ടി അലമാരയിൽ സൂക്ഷിച്ചതുകൊണ്ട് മാത്രം തീരുന്നതാണോ ഗ്രാമീണ വായനശാലകളുടെ പ്രശ്നമെന്ന് വിലയിരുത്തുന്നു.

**കെ.ആർ. അജിതൻ**

തൃശൂർ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രേറിയനാണ് ലേഖകൻ

'സഞ്ചിത ധിഷണയുടെ കെടാവിളക്കുകളാണ് പുസ്തകങ്ങൾ' എന്നും 'ഓരോ ഗ്രാമത്തിലെയും സർവ്വകലാശാലകളാണ് ഗ്രാമീണ വായനശാലകൾ' എന്നുമൊക്കെ പ്രസംഗിക്കാൻ കൊള്ളാം. ആഗോളീകരണം തേരോട്ടം തുടങ്ങിയ തൊണ്ണൂറുകൾ മുതൽ വിജനമായ വായനാ മുറികളെ ടെലിവിഷൻ ചാനലുകൾ ആക്രമിച്ചു കീഴടക്കുന്ന കാഴ്ചക്കാണ് പുതിയ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചത്. സീരിയൽ പ്രളയത്തിൽ സ്വീകരണ മുറികൾ ശബ്ദായമാനമായപ്പോൾ മൗനം പൂണ്ടത് സിനിമാശാലകളും കളിസ്ഥലങ്ങളും വായനാശാലകളുമായിരുന്നു. പുനരുജ്ജീവനത്തിനായി റീഡിങ്ങ് റൂമുകളിൽ ടി.വി സ്ഥാപിച്ചെങ്കിലും പുതിയ തലമുറ അപ്പോഴേക്കും എൻട്രൻസ്/പി.എസ്.സി/ബാങ്ക് ടെസ്റ്റ് കോച്ചിങ്ങ് കേന്ദ്രങ്ങളിലേക്ക് ചേക്കേറിക്കഴിഞ്ഞിരുന്നു. വായനശാലയിൽ ഇപ്പോൾ ചിലരെങ്കിലും എത്തിനോക്കുന്നത് ടി.വി കാണാനാണ് എന്നതാണ് സത്യം. വായനയെ അപ്രധാനമായി കണ്ട വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, അപ്രത്യക്ഷമാവുന്ന കളിസ്ഥലങ്ങൾ, രാഷ്ട്രീയ രംഗത്തെ അധാർമ്മികത, അമിത നഗരവത്കരണം മൂലമുണ്ടായ ഫ്ളാറ്റ്/ഡ്രോയിങ് റൂം 'സിൻഡ്രോം' എന്നിങ്ങനെ വായനശാലാനിരാകരണത്തിന് കാരണങ്ങൾ ഒരുപാടു നിരത്താനാകും. ഉദരീകരണം കനിഞ്ഞുനൽകിയ പുതിയ തൊഴിൽ സംസ്




ലക്ഷക്കണക്കിന് രൂപ ചെലവിട്ട് താലൂക്ക്, ജില്ലാ, സംസ്ഥാന തല ലൈബ്രറി കൗൺസിലുകൾക്ക് രൂപം കൊടുത്തിട്ടും അധികാര കേന്ദ്രീകരണവും ബ്യൂറോക്രസിയുമാണ് ഈ സ്ഥാപനങ്ങളിൽ കൊടികുത്തിവാഴുന്നത്. സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിലെ ഉപകാരസ്മരണക്കുള്ള അപ്പക്കഷണങ്ങളാണ് ഇത്തരം സമിതികളിലെ അംഗത്വങ്ങൾ! അപ്പോൾ രാഷ്ട്രീയപാർട്ടി പരിഗണനകൾക്കതീതമായുള്ള സമീപനങ്ങൾ സാധാരണ വായനക്കാരന് പ്രതീക്ഷിക്കാനാകുമോ?

കാരങ്ങൾ ആവശ്യപ്പെടുന്ന പ്രൊഫഷണൽ കോഴ്സ് പ്രേമവും മറ്റൊരു കാരണമാണ്. എന്തായാലും വായനയെ സ്നേഹിക്കുന്ന, പുസ്തകത്തെ ശരീരത്തിന്റെ ഭാഗമാക്കിയവരുടെ എണ്ണം കുറഞ്ഞുവന്നു എന്നത് വസ്തുതയാണ്.

ആദ്യം മലബാർ ലൈബ്രറി അതോറിറ്റിയും സംസ്ഥാന രൂപീകരണത്തെത്തുടർന്ന് കേരളാ ഗ്രന്ഥശാലാസംഘവും പിന്നീട് ലൈബ്രറി കൗൺസിലും ഗ്രന്ഥശാലാപ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചെങ്കിലും വായനശാലകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് അവയുടെ ഗുണത്തിൽ പ്രതിഫലിച്ചില്ല എന്ന് സ്ഥിതിവിവരക്കണക്കുകൾ കാണിച്ചുതരുന്നു. വായനശാലകൾക്ക് വേണ്ടി എത്ര പണം ചെലവഴിക്കുന്നു എന്നതിലല്ല, സാധാരണക്കാരന്റെ അറിവുസമ്പാദനത്തിൽ അവക്ക് എത്രത്തോളം ക്രിയാത്മകമായി പങ്കെടുക്കാനാകുന്നുണ്ട് എന്നതാണ് ചോദ്യം. പുസ്തകം മാറ്റിയെടുക്കാനായിട്ടുള്ള ഒരു കേന്ദ്രം മാത്രമല്ല ലൈബ്രറി. മനുഷ്യന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അനേകം ചുമതലകൾ അവയ്ക്ക് നിർവ്വഹിക്കാനുണ്ട്. വയോജന വിദ്യാഭ്യാസവും വിദൂരപഠനവും മുതൽ ചരിത്രനിർമ്മിതി വരെ അതിൽപ്പെടും. ഇങ്ങനെ സമൂഹത്തിന്റെ സർവ്വതോമുഖമായ സ്വഭാവരൂപീകരണമാണ് വായനശാലകളുടെ അപചയം മൂലം തടസ്സപ്പെട്ടിട്ടുള്ളത്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾക്കും തങ്ങളുടെ ധാർമ്മിക ഉത്തരവാദിത്വ ശോഷണത്തിൽ നിന്നും രക്ഷപ്പെടാനാകില്ല. ജനാധിപത്യത്തെ കൊന്നു കൊലവിളിച്ച വിപ്ലവപാർട്ടികളുടെ പിടിച്ചടക്കൽ രാഷ്ട്രീയത്തിന്റെ കുടിപ്പകയിൽ സഹകരണ സംഘങ്ങൾക്കും സ്പോർട്സ് ക്ലബുകൾക്കും മാത്രമല്ല വായനശാലകൾക്കും രക്ഷകിട്ടിയില്ല. ഇപ്പോഴത്തെ ഗ്രാന്റ് നിഷേധത്തിനും പഴയ കണക്കുതീർക്കലിന്റെ കഥകൾ പറയാനുണ്ടാകും. ഭരണസമിതികളിലെ രാഷ്ട്രീയാതിപ്രസരം പുസ്തക സെലക്ഷനിലും അഭിപ്രായ സമന്വയത്തിലും പ്രതിഫലിക്കാതെ തരമില്ലല്ലോ. വായനക്കാർക്ക് പുസ്തകപരിചയം മാത്രമല്ല ആശയ സംവേദനത്തിനുള്ള പൊതുകൂട്ടായ്മകളുടെ സാദ്ധ്യതകൂടിയാണ് ഇവിടെ അന്യം നിന്നുപോയത്.

ലക്ഷക്കണക്കിന് രൂപ ചെലവിട്ട് താലൂക്ക്, ജില്ലാ, സംസ്ഥാന തല ലൈബ്രറി കൗൺസിലുകൾക്ക് രൂപം കൊടുത്തിട്ടും അധികാര കേന്ദ്രീകരണവും ബ്യൂറോക്രസിയുമാണ് ഈ സ്ഥാപനങ്ങളിൽ കൊടികുത്തിവാഴുന്നത്. സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിലെ ഉപകാരസ്മരണക്കുള്ള അപ്പക്കഷണങ്ങളാണ് ഇത്തരം സമിതികളിലെ അംഗത്വങ്ങൾ! അപ്പോൾ രാഷ്ട്രീയപാർട്ടി പരിഗണനകൾക്കതീതമായുള്ള സമീപനങ്ങൾ സാധാരണ വായനക്കാരന് പ്രതീക്ഷിക്കാനാകുമോ? ഗ്രാന്റ്തുക നിഷേധിക്കാനും സംസ്ഥാന ലൈബ്രറി കൗൺസിൽ തന്നെ പിരിച്ചുവിടാനും ഇപ്പോൾ സർക്കാർ ആഗ്രഹിക്കുന്നത് ഇതേ നാണയത്തിന്റെ മറുവശം മാത്രമല്ലേ!

സമൂഹ്യപുരോഗതിക്കുള്ള തികച്ചും പ്രാദേശികമായ കൂട്ടായ്മയാണ് ഗ്രാമീണ വായനശാലകൾ പക്ഷേ, ഇത്തരം ഒത്തുചേരലുകൾ സമൂഹത്തിന് ആവശ്യമാണോയെന്ന് ആദ്യം ജനങ്ങളാണ് തീരുമാനിക്കേണ്ടത്. വായനയെ മാന്യതയുടെ മുഖമുദ്രയായി കണ്ട കേരളത്തിന്റെ പുരോഗമന ചിന്താസരണികൾ തിരിച്ചുവരേണ്ടതിന്റെ ആവശ്യം സ



മൂഹം മനസ്സിലാക്കണം. ഇത് സ്കൂൾ കുട്ടികളിൽ നിന്നും സ്കൂൾ ലൈബ്രറികളിലൂടെയുമാണ് ആരംഭിക്കേണ്ടത്. സ്കൂൾ ലൈബ്രറികൾ, മുറിവുപറ്റിയ, അസുഖം ബാധിച്ചവർക്കുള്ള വിശ്രമമുറിയാണെന്ന ധാരണ മാറ്റിയെടുക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വി.പി. ജോയ് കമ്മീഷൻ റിപ്പോർട്ട് എടുത്തുപറയുന്നത് സ്കൂൾ ലൈബ്രറികളെക്കുറിച്ചാണ് എന്നോർക്കുക. ഉണ്ടാക്കിയിട്ടുള്ള ബാധ്യതകൾ ഒഴിവാക്കാനുള്ള ലൈബ്രറി ചുമതലയുള്ള അധ്യാപകന്റെ വ്യഗ്രതയും ലൈബ്രറി യോഗ്യതയില്ലാത്ത ലൈബ്രേറിയനുമാണ് സ്കൂൾ ലൈബ്രറികളുടെ രോഗലക്ഷണങ്ങൾ. ഇതിനുപകരം, ഹൈസ്കൂൾ/സെക്കണ്ടറി സ്കൂളുകളെങ്കിലും (തൊട്ടടുത്തുള്ള) ഗ്രാമീണ വായനശാലകളെക്കൂടി ബന്ധപ്പെടുത്തിയുള്ള പാഠ്യപദ്ധതികൾക്ക് രൂപം കൊടുത്താൽ നമ്മുടെ കുഞ്ഞുങ്ങളെ ആജീവനാന്തം പുസ്തകങ്ങളുടെ കൂട്ടുകാരായി മാറ്റാൻ കഴിയും. പുസ്തകസ്നേഹിയായ, പ്രതിഫലേച്ഛയില്ലാത്ത അധ്യാപകനോ യോഗ്യതയുള്ള ലൈബ്രേറിയനോ ഗ്രന്ഥപ്പുരയുടെ നേതൃത്വം ഏറ്റെടുക്കുകയും വേണം. സ്കൂൾപഠനത്തിലെ ടെസ്റ്റ്ബുക്ക് വായനയുടെ അനുബന്ധ പ്രവർത്തനമായാണ് ഇതുനടക്കേണ്ടത്. അധ്യാപകരും സ്കൂൾ പി.ടി.എയും ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിച്ചാൽ കുട്ടികളിലെ പ്രതിഭാരാഹിത്യവും, എന്തിനേറെ ഇന്ന് പൊതുവേ അവരിൽ കാണപ്പെടുന്ന കുറ്റവാസനകൾ പോലും ഇല്ലാതാക്കാനാകും.

ഇന്ന് നമുക്കുവേണ്ടത് പരമ്പരാഗതമായ, ഇരുട്ടടഞ്ഞ വായനശാലകളും നിർമമനായ ലൈബ്രേറിയനെയുമല്ല. വായനശാലകളെ ഒഴിവാക്കിനടക്കുന്ന വായനാകുതുകികൾ പുസ്തമേളകളിൽ സജീവമായി പങ്കെടുക്കുന്നുണ്ട് എന്നതാണ് വാസ്തവം. അന്തസ്സുള്ള പ്രതിഫലം ലൈബ്രേറിയനും ആഹ്ലാദദായകമായ വായനാ അന്തരീക്ഷം സമൂഹത്തിനും നൽകാൻ സർക്കാരിനും കഴിയണം. ആശുപത്രികളും മാളുകളും സ്കൂളുകളും പോലെത്തന്നെ നാട്ടിൽ മൾട്ടിപർപ്പസ് വായനശാലകളും ഉണ്ടാകേണ്ടതുണ്ട്. കാലഘട്ടത്തിന് അനുയോജ്യമല്ലാത്ത ഘടനകൾക്കൊന്നും നില്ക്കാനാകില്ല. സാങ്കേതികവിദ്യയുടെ പുരോഗതിയിൽ അന്യം നിന്നുപോയ ടെലഗ്രാം, ഗ്രാമഫോൺ, ടേപ്പ് റേക്കോർഡർ, പേജർ, ടൈപ്പ്റൈറ്റർ എന്നിവയുടെ ഗതി പുസ്തകത്തിനുണ്ടാകരുത്. മറിച്ച് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ബുദ്ധിപരമായി കമ്പ്യൂട്ടർസ്ഥാപനങ്ങളായി മാറിയതുപോലുള്ള ഘടനാപരമായ രൂപമാറ്റം വായനശാലകളും ഇന്ന് ആവശ്യപ്പെടുന്നുണ്ട്. ഡിജിറ്റലൈസേഷനെയും സൈബർലോകത്തെയും സാങ്കേതിക മികവിനെയും ഉയർത്തിപ്പിടിക്കുന്ന അതിനൂതന ഗ്രന്ഥപ്പുരകളാണ് നമുക്കാവശ്യം. ആനന്ദദായകമായ ലൈബ്രറി ഉപയോഗത്തിന് വായനക്കാരെ സഹായിക്കുന്ന ക്യാറ്റലോഗുകൾ, ഫർണീച്ചറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഗ്രന്ഥസൂചി

കകൾ എന്നിവ ധാരാളമായി വിന്യസിച്ചിരിക്കണം.

പുസ്തകങ്ങൾ ഒരു ലൈബ്രേറിയിൽ നിന്നെടുത്താലും മറ്റൊരിടത്ത് തിരിച്ചേൽപ്പിക്കാനും വീണ്ടുമെടുക്കുവാനുമുള്ള നെറ്റ്വർക്കിങ്ങ് സൗകര്യം അഭികാമ്യം. ചുരുക്കിപ്പറഞ്ഞാൽ കേവലം പുസ്തകരൂപത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല ഇനിയുള്ള കാലത്ത് വായനശാലകൾ. സൗകര്യങ്ങളെല്ലാം പണച്ചെലവുള്ളതാണെന്ന് മറക്കുന്നില്ല. പക്ഷേ, ലൈബ്രറി സെസ്സായി പൊതുജനങ്ങളിൽനിന്നും പറിച്ചെടുക്കുന്ന പണം മതിയാകുന്നില്ലെങ്കിൽ പ്രാപ്തരായ സ്വകാര്യസംരഭകരെ തദ്ദേശീയമായി സമീപിക്കാവുന്നതാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി എന്നുള്ളത് പ്രതിവർഷം വൃക്ഷത്തൈ നടലിൽ മാത്രം ഒതുക്കേണ്ടതില്ല. ബഹുതല സ്പർശിയായ ആധുനിക രീതിയിലുള്ള ഒരു ലൈബ്രറി നാട്ടിലുണ്ടാകണമെന്ന് നാം ഒരോരുത്തർക്കം തികഞ്ഞ നിശ്ചയദാർഢ്യം ഉണ്ടാകണമെന്നുമാത്രം.

അർപ്പണബോധവും ആത്മാർത്ഥയും മാത്രം കൈമുതലാക്കിയാണ് മുൻകാല പ്രവർത്തകർ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. അവയെ കാലാനുസൃതമായി പരിഷ്കരിച്ച്, തലമുറകൾക്കുകൂടി ഉപയോഗപ്രദമാക്കുക എന്നുമാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. പുസ്തകങ്ങളും ഫർണീച്ചറുകളും വാങ്ങിക്കൂട്ടിയതുകൊണ്ട് മാത്രം വായനശാലകൾ സജീവമാകാൻ പോകുന്നില്ല. ഭാഷ, മാതൃഭാഷാബോധനം, സാമൂഹ്യപ്രതിബന്ധത, രാജ്യപുരോഗതി എന്നിവയൊക്കെ സ്വതന്ത്രസംജ്ഞകളാണെങ്കിലും ഒന്ന് മറ്റൊന്നിന്റെ തുടർച്ചയോ പരസ്പരം ബന്ധപ്പെട്ടതോ ആണെന്നുകാണാം. അങ്ങനെ നോക്കുമ്പോൾ പൊതുവിദ്യാഭ്യാസ പദ്ധതിയിൽ വിദ്യാലയങ്ങളേക്കാൾ പ്രമുഖസ്ഥാനം ഗ്രാമീണ വായനശാലകൾക്ക് കൊടുക്കേണ്ടിവരും.

നിക്ഷിപ്തമായ ചുമതലകളും വൈവിധ്യവും പ്രായോഗിക സാദ്ധ്യതകളും കണക്കിലെടുക്കുമ്പോൾ സാങ്കേതികത്തികവിനിടയിലും ജീവിതത്തിൽനിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷികതയുടെ പ്രഭവകേന്ദ്രങ്ങളാണ് വായനശാലകൾ എന്നുകാണാം. പുസ്തകങ്ങൾ പുരാവസ്തുക്കളല്ലെന്നും വായന വ്യക്തിചേതനയുടെ അനന്തമായ ലാവണ്യയാത്രകളാണെന്നും തിരിച്ചറിയേണ്ടതുണ്ട്.

"സാഹിത്യത്തിന് സേവനവും വിദ്യാഭ്യാസത്തിന് സഹായവും സംസ്കാര പ്രചാരണത്തിന് ഉപായവും ഏക കേരളബോധത്തിന് ഒരു കണ്ണിയുമാകട്ടെ വായനശാലപ്രസ്ഥാനം" എന്ന് ആശീർവദിച്ചത് ജി. ശങ്കരക്കുറപ്പാണ്. (ഇന്ത്യയ്ക്ക് സ്വാതന്ത്രം ലഭിച്ച വർഷത്തിലെ തന്റെ 'സാഹിത്യപരിഷത്ത്' പംക്തിയിലൂടെ, പരിഷത് – കൊ.വ.1122 തുലാം). പതിറ്റാണ്ടുകൾക്കിപ്പുറം ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകം പേറുന്ന അതേ കണ്ണിയിൽപ്പെട്ട കേരളത്തിന്റെ സാംസ്കാരിക വകുപ്പുമന്ത്രിക്ക് പക്ഷേ ഗ്രാമീണ വായനശാലാ പ്രസ്ഥാനത്തെ നിലംപരിശാക്കാനാണ് താത്പര്യം. അങ്ങനെയും ഒരു പങ്ക് ചരിത്രത്തിനു നിർവ്വഹിക്കാനുണ്ടാകാം. ■

**അക്ഷയശ്രീ അവാർഡ് 2013**
മികച്ച ജൈവകർഷകർക്കുള്ള സംസ്ഥാനഅവാർഡുകൾ 2014 മാർച്ച് 9ന് ആലപ്പുഴ മുഹമ്മയിൽ വച്ച് വിതരണം ചെയ്യുന്നു.
**അവാർഡ്ദാനം: ശ്രീനിവാസൻ (നടൻ)**


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of the Publication | : | Monthly |
| 3. Printer's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : | Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

1.03.2013 Sd/- Publisher